"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഇലക്ഷൻ വകുപ്പ് - കേരള നിയമസഭാ പൊതുതിരഞ്ഞെടുപ്പ് 2026 - പോളിങ് സ്റ്റേഷനുകളിൽ ഉപയോഗിക്കുന്നതിനാവശ്യമായ രണ്ടിനം കറുത്ത കവറുകൾ തയ്യാറാക്കി വിതരണം ചെയ്യുന്നതിനുള്ള ചെലവ് - സ്റ്റേഷനറി കൺട്രോളർക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇലക്ഷൻ (എക്യൂപ്പ്മെന്റ്) വകുപ്പ്

സ.ഉ.(സാധാ) നം.24/2026/ELEC തീയതി,തിരുവനന്തപുരം, 08-01-2026

പരാമർശം:-
1. 04.12.2025 തീയതിയിൽ ചേർന്ന അവലോകന യോഗത്തിന്റെ നടപടികുറിപ്പുകൾ.
2. സ.ഉ.(സാധാ)നം.689/2025/ELEC തീയതി 23.12.2025.
3. 05.01.2026 ലെ ഇഇ3/58/2026/ഇലക് നം.സർക്കാർ കത്ത്.
4. സ്റ്റേഷനറി കൺട്രോളറുടെ 07.01.2026-ലെ STY/1421/2025-C3 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കേരള നിയമസഭയിലേക്ക് 2026-ൽ നടക്കുന്ന പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോളിങ് സ്റ്റേഷനുകളിൽ ഉപയോഗിക്കുന്നതിനുള്ള രണ്ടു സൈസുകളിലുള്ള (മീഡിയം & ചെറുത്) കറുത്ത കവറുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്ന പ്രവർത്തിയ്ക്ക് പരാമർശം 3 ലെ കത്ത് പ്രകാരം സ്റ്റേഷനറി കൺട്രോളറെ ചുമതലപ്പെടുത്തിയിരുന്നു. ആകെ ആവശ്യമായ 33,730 കവറുകൾ Store Purchase Manual പ്രകാരം e-tender ക്ഷണിച്ച് നടപടികൾ സ്വീകരിച്ച് വാങ്ങി വിതരണം ചെയ്യുന്നതിന് ആകെ 7,45,000/- രൂപ (ഏഴു ലക്ഷത്തി നാൽപ്പത്തിയയ്യായിരം രൂപ മാത്രം) ചെലവ് പ്രതീക്ഷിക്കുന്നതായും, ആയതിനാൽ ടി തുകയ്ക്കുള്ള ഭരണാനുമതി നൽകണമെന്നും പരാമർശം 4 ലെ കത്ത് പ്രകാരം സ്റ്റേഷനറി കൺട്രോളർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഈ വിഷയം പരിശോധിച്ചു. കേരള നിയമസഭയിലേക്ക് 2026-ൽ നടക്കുന്ന പൊതുതിരഞ്ഞെടുപ്പിന് ആവശ്യമായ രണ്ടു സൈസുകളിലുള്ള (മീഡിയം & ചെറുത്) കറുത്ത കവറുകൾ സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരം ഇ-ടെണ്ടർ ക്ഷണിച്ച് വാങ്ങി വിതരണം ചെയ്യുന്നതിന് സ്റ്റേഷനറി കൺട്രോളർ പരാമർശം മൂന്ന് പ്രകാരം സമർപ്പിച്ച ശുപാർശയുടെ അടിസ്ഥാനത്തിൽ 7,45,000/- രൂപയുടെ (ഏഴു ലക്ഷത്തി നാൽപ്പത്തിയയ്യായിരം രൂപ മാത്രം) ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത തുക "2015-00-106-99-34-03-OC" എന്ന ശീർഷകത്തിൽ നിന്നും വകയിരുത്താവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.രത്തൻ യു കേൽകർ ഐ എ എസ്
CHIEF ELECTORAL OFFICER & SECRETARY

കൺട്രോളർ ഓഫ് സ്റ്റേഷനറി, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ) / (ജി.എസ്.എസ്.എ), കേരളം.
അക്കൗണ്ടന്റ് ജനറൽ (ഇ.ആർ.എസ്.എ), കേരളം.
സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ്-ട്രഷറി, തിരുവനന്തപുരം.
വിവര-പൊതുജന സമ്പർക്ക വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന്)
ഇലക്ഷൻ (അക്കൗണ്ട്സ്) വകുപ്പ്.
പി.എ. ടു ചീഫ് ഇലക്ടറൽ ഓഫീസർ.
കരുതൽ ഫയൽ / ഓഫീസ് കോപ്പി (EE3/58/2025/ELEC Part-2)

ഉത്തരവിൻ പ്രകാരം

Signed by
Sreekanth. K. S
സെക്ഷൻ ഓഫീസർ
Date: 09-01-2026 14:21:56